## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സി.ബി.സി.എസ്.എസ് 2009 റെഗുലേഷൻ - CGPA 1.5 ലഭിക്കുവാനായി പ്രത്യേക പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് അദാലത്ത് നിർവ്വഹണ സമിതിയുടെ തീരുമാനങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ഇ.എ II സെക്ഷൻ**

നം.821/ഇ എ II/2/212/2018/പരീക്ഷ തിയതി, പ്രിയദർശിനി ഹിൽസ് ,02/02/2018

---

പരാമർശം: 1. 18/01/2018 തിയതിയായ സർവ്വകലാശാലാ ഉത്തരവ് നം. 440/എ 1/2018/അക്കാദമിക്

2. 08/12/2018 -ലെ സിൻഡിക്കേറ്റ് അദാലത്ത് നിർവ്വഹണ സമിതിയുടെ യോഗ നടപടി കുറിപ്പ് ഇനം നം. 1

**ഉത്തരവ്**

നിലവിലുള്ള റെഗുലേഷൻ അനുസരിച്ച് സി.ബി.സി.എസ്.എസ് 2009 സ്കീം പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ (2009 മുതൽ 2012 വരെയുള്ള അഡ്മിഷൻ), എല്ലാ സെമസ്റ്ററുകളിലെയും എല്ലാ പേപ്പറുകൾക്കും മിനിമം പാസ് ഗ്രേഡ് (GPA) ലഭിച്ചിട്ടും CGPA സ്കോർ മിനിമം 1.5 ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ, ഏതെങ്കിലും സെമസ്റ്ററിലെ എല്ലാ പരീക്ഷകളും വീണ്ടും എഴുതിയാണ് CGPA സ്കോർ മെച്ചപ്പെടുത്തേണ്ടത്. സെമസ്റ്റർ ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് ഏതെങ്കിലും വിഷയങ്ങൾക്ക് ഹാജരാകാതിരിക്കുകയോ മാർക്ക്/ഗ്രേഡ് മെച്ചപ്പെടാതിരിക്കുകയോ ചെയ്താൽ വീണ്ടും സെമസ്റ്റർ ഇംപ്രൂവ്മെന്റ് പരീക്ഷകൾ എഴുതേണ്ടതായി വരുന്നു. 08/12/2017ൽ നടന്ന അദാലത്തിൽ, പ്രസ്തുത വിഷയത്തിന്മേൽ ലഭിച്ച പരാതി സിൻഡിക്കേറ്റ് അദാലത്ത് നിർവ്വഹണ സമിതി പരിഗണിക്കുകയുണ്ടായി.

സെമസ്റ്റർ ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കു പകരം വിദ്യാർത്ഥികളുടെ ചോയ്സ് അനുസരിച്ച് ഏതെങ്കിലും സെമസ്റ്ററുകളിലെ ഏതെങ്കിലും 10 തിയറി പേപ്പറുകൾ വരെ വീണ്ടും എഴുതുവാനുള്ള അനുവാദവും അവയിൽ ലഭിക്കുന്ന GPA യും മുൻ പരീക്ഷകളിൽ ലഭിച്ച GPA യും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ലഭിച്ച GPA നിലനിർത്തുവാനും ഡീൻസ് കമ്മിറ്റി താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി ശിപാർശ ചെയ്തു.

- ഒരു വിദ്യാർത്ഥിക്ക് 10 പേപ്പറുകൾ വരെ എഴുതുവാൻ അവസരം നൽകിയിട്ടുണ്ടെങ്കിലും, ഏതെങ്കിലും സെമസ്റ്ററിന്റെയോ ഒന്നിലധികം സെമസ്റ്ററുകളുടെയോ, ഫല പ്രഖ്യാപനാനന്തരം വിദ്യാർത്ഥി 1.5 -ഓ അതിലധികമോ CGPA ലഭിച്ച് വിജയിച്ചതായി ഫലം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ തുടർന്നുള്ള സെമസ്റ്ററുകളിൽ രജിസ്റ്റർ ചെയ്തതോ എഴുതിയതോ ആയ പേപ്പറുകൾ റദ്ദാക്കപ്പെടുന്നതാണ്.
- സി.ബി.സി.എസ്.എസ് 2009 റെഗുലേഷൻ ( 2009 അഡ്മിഷൻ മുതൽ 2012 അഡ്മിഷൻ വരെ), അടിസ്ഥാനമാക്കി ഇനി നടക്കുന്ന എല്ലാ പരീക്ഷകൾക്കും ഈ നിയമം ബാധകമായിരിക്കും. 2012 റെഗുലേഷൻ പ്രകാരം പഠിച്ചിട്ടുള്ള പ്രൈവറ്റ്/ഓഫ് ക്യാമ്പസ് സ്കീമുകളിലുള്ള വിദ്യാർത്ഥികൾക്കും മേൽപറഞ്ഞ തീരുമാനം ബാധകമായിരിക്കും.
- ഈ പരീക്ഷകൾ എഴുതുന്ന വിദ്യാർത്ഥികൾ സാധാരണ പരീക്ഷാ ഫീസിനു പുറമേ മേഴ്സി ചാൻസ് ഫീസായ Rs.5000/- (അയ്യായിരം രൂപ) കൂടി അടയ്ക്കേണ്ടതാണ്. VI,IV,II സെമസ്റ്റർ പരീക്ഷകൾ വരുന്ന April/May 2018 നും, V,III,I സെമസ്റ്റർ പരീക്ഷകൾ വരുന്ന October/November 2018 നും രണ്ടു അവസരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. രണ്ട് അവസരങ്ങൾക്കും കൂടി Rs.5000/- + മറ്റു പരീക്ഷാ ഫീസ് അടച്ചാൽ മതിയാകും.

...2

- രണ്ട് അവസരങ്ങൾക്കും കൂടി പരമാവധി 10 പേപ്പറുകൾ വരെയേ ഇംപ്രൂവ് ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. ഇതിനായി ഒരു അപേക്ഷാഫോറം മാത്രമേ ആവശ്യമുള്ളൂ. 2018 April/May മാസം നടക്കുന്ന ആദ്യ തവണ പരീക്ഷക്ക് അപേക്ഷിക്കുവാൻ സാധിക്കാതെ വരുന്ന കുട്ടികൾക്ക് രണ്ടാമത്തെ തവണക്ക് (October/November 2018) മാത്രമായും അപേക്ഷിക്കുവാൻ അവസരമുണ്ട്. അതിനും ഫീസായി Rs.5000/- + മറ്റു പരീക്ഷാ ഫീസുകളും അടക്കേണ്ടതായിട്ടുണ്ട്.
- ഈ പ്രത്യേക പരീക്ഷകൾ October/November 2018-ൽ നടക്കുന്ന രണ്ടാമത്തെ തവണയോടെ അവസാനിക്കുന്നതാണ്.
- ഈ പരീക്ഷകളുടെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്ന തീയതി 10/02/2018-നു മുൻപും അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തിയതി 28/02/2018 -യും ആണ്.
- ഈ പരീക്ഷക്ക് ഓൺലൈൻ ആയി ഫീസ് അടക്കുവാനുള്ള സൗകര്യം CETEX സെക്ഷനിൽ നിന്നും ചെയ്യേണ്ടതാണ്.
- DR IV(Exams) ഇതിനായി പ്രത്യേക അപേക്ഷാ ഫോമുകൾ തയ്യാറാക്കുകയോ ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

സിൻഡിക്കേറ്റ് അദാലത്ത് നിർവ്വഹണ സമിതി അംഗീകരിച്ച മേൽ ശിപാർശകൾ പരാമർശം (1) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**സുരേഷ് കുമാർ കെ. ആർ**

**അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാ വിഭാഗം)**

**പരീക്ഷാ കൺട്രോളർക്കു വേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3. സി.ഇ സെക്ഷൻ/എ സി സി സെക്ഷൻ/ എ സി AIX
4. ജെ.ആർ I/ ഡി.ആർ III (ഭരണ വിഭാഗം)/ഡി.ആർ I/II (അക്കാദമിക്)
5. പരീക്ഷാ വിഭാഗത്തിലെ എല്ലാ ജെ.ആർ/ഡി.ആർ/എ ആർ
6. എല്ലാ CBCSS സെക്ഷനുകൾ
7. ഡി.ആർ. IV (പരീക്ഷ)/ സിസ്റ്റം അഡ്മിൻ/CETEX
8. ഇ എ I/ഇ ബി I/III/VI/VII/VIII
9. എക്സാം ഓഡിറ്റ് I/II
10. ഐ ക്യു എ സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
11. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**